പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1551 12-06-2019-ലെ മറുപടിയ്ക്ക്

**പ്രളയം മൂലം കൃഷി നശിച്ച കർഷകർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രളയം മൂലം കൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.<br>പ്രളയം മൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ് മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് കിലോഗ്രാമിന് 40 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് 2260.338 ലക്ഷം രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കി. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജീവനത്തിനായി 770 ലക്ഷം രൂപയുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയുള്ള 30 ലക്ഷം തൈകളും കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പുനസ്ഥാപിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.<br>പ്രളയത്തിൽ കൃഷിനാശം സംഭവിച്ച |

| | | | |
|---|---|---|---|
| | | | 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട് കൂടാതെ, വരൾച്ച മൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.<br>കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും, ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതി മൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെതിട്ടുണ്ട്. കൂടാതെ, പമ്പ് സെറ്റ്, പെട്ടിയും പറയും എന്നിവ റിപ്പയർ ചെയ്യുന്നതിനു 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതവും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.<br>ഇതിനെല്ലാം പുറമേ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനായി 2018-19 ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം |

| | | | |
|---|---|---|---|
| | | | ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി. |
| (ബി) | പ്രളയത്തിന് ശേഷം നെല്ല് ഉത്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കമോ; വിശദാംശം നൽകുമോ? | (ബി) | പ്രളയത്തിനു ശേഷം നെല്ലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>2018-19 മുണ്ടകൻ സീസണിൽ 88597.9 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ നിന്നും 236936.3 ടൺ അരി ഉല്പാദിപ്പിച്ചതായിട്ടാണ് കൃഷി വകുപ്പിന്റെ കണക്ക്. മൂന്നാം വിളക്കാലത്ത് 52559.2 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ നിന്നും 185738. 86 ടൺ അരി ഉല്പാദിപ്പിച്ചു എന്നും കണക്കാക്കുന്നു.<br>കുട്ടനാട് പോലുള്ള എക്കൽ വന്നടിഞ്ഞ പ്രദേശങ്ങളിൽ ഉല്പാദനക്ഷമത ഹെക്ടറിൽ 8000 കിലോയിൽ കൂടുതലായിരുന്നു. |

**സെക്ഷൻ ഓഫീസർ**